കെ.പി മുഹമ്മദ് സനീൻ



# പണച്ചെലവില്ലാത്ത ദാനധർമങ്ങൾ

عَنْ جَابِرِ بْنِ عَبْدِ اللهِ قَالَ: قَالَ رَسُولُ اللهِ ﷺ: كُلُّ مَعْرُوفٍ صَدَقَةٌ وَإِنَّ مِنَ الْمَعْرُوفِ أَنْ تَلْقَي أَخَاكَ بِوَجْهٍ طَلْقٍ وَأَنْ تُفْرِغَ مِنْ دَلْوِكَ فِي إِنَاءِ أَخِيكَ (ترمذي)

ജാബിറി(റ)ൽനിന്ന് നിവേദനം. നബി (സ) പറഞ്ഞു: "എല്ലാ സൽപ്രവൃത്തികളും ദാനമാണ്. നിന്റെ സഹോദരനെ പ്രസന്നവദനനായി അഭിമുഖീകരിക്കുന്നതും നിന്റെ പാത്രത്തിലെ വെള്ളം നിന്റെ സഹോദരന്റെ പാത്രത്തിലേക്ക് പകർന്നുകൊടുക്കുന്നതും പുണ്യമാണ്" (തിർമിദി).

ദാനധർമങ്ങളുമായി ബന്ധപ്പെട്ട കർമങ്ങളെ സമ്പന്നരുടെ വൃത്തത്തിൽ മാത്രമൊതുക്കാതെ, അവയുടെ വിശാലമായ അർഥതലങ്ങൾ പറഞ്ഞുതരികയാണ് നബി (സ) ഈ ഹദീസിലൂടെ. ഇതുസംബന്ധിച്ച സ്വഹാബിമാരുടെ സംശയങ്ങൾക്ക് ഉത്തരം നൽകുക കൂടിയാണ് പ്രവാചകൻ.

ദാനധർമത്തിന്റെ വിഭവോപാധി സാമ്പത്തിക ഭദ്രത മാത്രമല്ല. മനുഷ്യശരീരത്തിലെ അവയവങ്ങൾ കൊണ്ടും അംഗവിക്ഷേപങ്ങൾ കൊണ്ടും ധാരാളം ദാനധർമങ്ങൾ ഓരോ മനുഷ്യനും നടത്താൻ സാധിക്കും. നാം ജീവിക്കുന്ന സാമൂഹിക ചുറ്റുപാടിൽ ദാനധർമങ്ങൾക്കുള്ള പ്രാധാന്യം ഏറെയാണ്. അതിനുള്ള അവസരങ്ങളും ധാരാളം. സമ്പത്ത് ചെലവഴിച്ചുകൊണ്ടുള്ള ദാനധർമങ്ങളിൽ ബദ്ധശ്രദ്ധരാകുന്ന പലരും സ്വഭാവ വൈശിഷ്ട്യങ്ങൾ കൊണ്ടും പെരുമാറ്റസമീപനങ്ങൾ കൊണ്ടും കായികാധ്വാനം കൊണ്ടും നേടിയെടുക്കാവുന്ന വലിയ സ്വദഖകളെ വേണ്ട രീതിയിൽ പരിഗണിക്കാറില്ല. ആളുകളോട് പുഞ്ചിരിക്കുന്നത് സ്വദഖയായി ഇസ്‌ലാം പഠിപ്പിക്കുന്നു. ഇതിന്റെ മറ്റൊരു നേട്ടം, ക്രിയാത്മകമായ സ്വദഖകളിലൂടെ ഓരോ മനുഷ്യനിലും ആത്മീയോത്തേജനം ഉണ്ടാക്കിയെടുക്കാൻ സാധിക്കും എന്നുള്ളതാണ്. ശാരീരിക അംഗവിക്ഷേപങ്ങൾ തന്നെ ഒരാളുടെ മനസ്സിൽ വെറുപ്പ് ഉണ്ടാക്കാനും കാരണമായിത്തീരും എന്നും നാം മനസ്സിലാക്കണം. പ്രതികൂലമായ പ്രതികരണങ്ങൾ അനുഭവസ്ഥനിൽനിന്നുണ്ടാവാൻ ഇത് വഴിവെക്കും. നമ്മുടെ സമീപനങ്ങൾ മാറുന്നതിനനുസരിച്ച് ചെയ്യുന്ന പ്രവൃത്തിയുടെ ഫലങ്ങളും മാറിക്കൊണ്ടിരിക്കും.

മനുഷ്യന്റെ ഭാവപ്രകടനങ്ങളും ക്രിയാത്മക സ്വദഖകൾക്ക് വഴിയൊരുക്കും. സഹോദരന്റെ വിജയങ്ങളിൽ സന്തോഷിക്കാനും അഭിനന്ദിക്കാനും, പരാജയങ്ങളിൽ ആശ്വസിപ്പിക്കാനും ആത്മവിശ്വാസം പകരാനും നമുക്ക് ഭാവപ്രകടനങ്ങളിലൂടെ സാധിക്കും. എന്നാൽ ഭാവപ്രകടനങ്ങൾ കൊണ്ടു തന്നെ സഹോദരനെ നിരുത്സാഹപ്പെടുത്താനും അവനിൽ വെറുപ്പുളവാക്കാനും സാധിക്കുമെന്ന കാര്യവും നാം വിസ്മരിക്കരുത്. അതുകൊണ്ടുതന്നെ അംഗവിക്ഷേപങ്ങളും ഭാവ പ്രകടനങ്ങളും ആർക്കും ദോഷകരമാകാതെ നോക്കണം. എന്ന് മാത്രമല്ല, അവ സഹജീവികൾക്ക് സന്തോഷം പകരുന്നതാക്കാൻ ശ്രമിക്കുകയും വേണം. അപ്പോൾ അതൊരു ദാനധർമമായി രേഖപ്പെടുത്തപ്പെടും. അബൂദർറ് (റ) റിപ്പോർട്ട് ചെയ്യുന്നു: നബി (സ) പറഞ്ഞു: "നിന്റെ സഹോദരന്റെ മുഖത്തുനോക്കി നീ പുഞ്ചിരിക്കുന്നതും ദാനമാണ്. വഴിതെറ്റിപ്പോയ ഒരാൾക്ക് നീ വഴികാണിച്ചുകൊടുക്കുന്നതും കാഴ്ച മങ്ങിയ ഒരാളുടെ കണ്ണായി നീ മാറുന്നതും വഴിവക്കിലുള്ള കല്ലും മുള്ളും എല്ലും പോലുള്ള തടസ്സങ്ങൾ നീക്കം ചെയ്യുന്നതും നിന്റെ ബക്കറ്റിലുള്ള വെള്ളം നിന്റെ സഹോദരന്റെ ബക്കറ്റിലേക്ക് പകർന്നുകൊടുക്കുന്നതുമെല്ലാം ദാനമാണ്" (തിർമിദി).

നമ്മുടെ പാത്രത്തിൽനിന്ന് വെള്ളം മറ്റൊരു സഹോദരന്റെ പാത്രത്തിലേക്ക് പകർന്നുകൊടുക്കുന്നത് ധർമമായി ഇസ്‌ലാം പഠിപ്പിക്കുന്നു. ആ സമയത്ത് സഹോദരൻ രോഗി കൂടി ആണെങ്കിൽ പ്രതിഫലത്തിന്റെ അളവ് വർധിക്കും. അവൻ പൂർണാരോഗ്യവാനാണെങ്കിൽ അവനോട് കാണിക്കുന്ന ഈ സ്നേഹപ്രകടനവും പരിഗണനയും പ്രതിഫലാർഹമായ കാര്യങ്ങളായി രേഖപ്പെടുത്തപ്പെടും. സ്വദഖ അഥവാ ദാനധർമം സമ്പത്ത് ദാനം ചെയ്യൽ മാത്രമല്ല എന്നാണ് ഈ ഹദീസ് പഠിപ്പിക്കുന്നത്. ദരിദ്രനായതുകൊണ്ട് മാത്രം ഒരാൾക്ക് സ്വദഖയുടെ നേട്ടങ്ങൾ നിഷേധിക്കപ്പെടുകയില്ല. സമ്പത്തില്ലല്ലോ എന്ന് നിരാശപ്പെടേണ്ടതായും വരുന്നില്ല. വിപുലമായ ഈ അർഥതലങ്ങളിലൂടെ മനസ്സിലാക്കിയാൽ നമ്മുടെ ഏത് നിസ്സാരമായ സൽപ്രവൃത്തിയും അല്ലാഹുവിങ്കൽ സ്വീകാര്യമായ വലിയ ദാനധർമമായിരിക്കും എന്ന് കാണാവുന്നതാണ്. ●